# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 165 — 03.10.2016 ൽ - മറുപടിക്ക്

## റേഷൻ മൊത്ത വ്യാപാര വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>,, എൽദോസ് കുന്നപ്പിള്ളി<br>,, പി.ടി. തോമസ്<br>,, വി.ടി. ബൽറാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ മൊത്തവ്യാപാര വിതരണ ശൃംഖല ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നയം അനുശാസിക്കുന്ന രീതിയിലുള്ള ഒരു ആതറൈസ്ഡ് ഏജൻസിയെ നിയോഗിക്കേണ്ട തുണ്ട്. ഇതിനായി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനെ സർക്കാർ 31.05.14 ലെ സ.ഉ(കൈ)നം.18/14/ഭ.സിസ.വ പ്രകാരം ചുമതല പ്പെടുത്തിയിട്ടുണ്ട്. പൊതുവിതരണത്തിനും മറ്റ് ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികൾക്കും ആവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്ന തിന് ആവശ്യമായ ശാസ്ത്രീയ സംഭരണ ശാലകൾ സംസ്ഥാന/ ജില്ല/ബ്ലോക്ക് തലങ്ങളിൽ നിർമ്മിക്കണമെന്ന് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ 24(5) (എ) വകുപ്പ് പ്രകാരവും, ഭക്ഷ്യ സിവിൽ സപ്ലൈസ് കോർപ്പറേഷനു കളുടെയും മറ്റ് നിയുക്ത ഏജൻസികളുടെയും ശേഷി യുക്തമായ രീതിയിൽ വർദ്ധിപ്പിക്കണമെന്ന് 24(5) (ബി) വകുപ്പ് പ്രകാരവും നിഷ്കർഷിക്കുന്നു. ഭക്ഷ്യ ധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് ഏറ്റെടുത്ത് എ.ആർ.ഡി.കളുടെ വാതിൽപ്പടി വിതരണത്തിനായി സ്വകാര്യ മൊത്ത വിതരണ ശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ 2-ൽ കുറയാത്ത ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 29.08.2016 ലെ സ.ഉ(കൈ)നം. 11/2016/ ഭ.പൊ.വി.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ ഗോഡൗണുകൾ കൈവശമുണ്ടോ; | (ബി) നിലവിൽ ഇല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 11 മൊത്ത വിതരണശാലകളും (സപ്ലൈകോയുടെ 9 എണ്ണവും ഏറ്റെടുത്തിട്ടുള്ള 2 എ.ഡബ്ല്യൂ.ഡി.കൾ ഉൾപ്പെടെ) കൂടാതെ എഫ്.സി.ഐ.യുടെ ഗോഡൗണുകൾ, സഹകരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള ഗോഡൗണുകൾ, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ, ഇൻലാന്റ് വാട്ടർ അതോറിറ്റി തുടങ്ങിയ ഏജൻസികളുടെ ഗോഡൗണുകൾ എന്നിവയും വാടകയ്ക്ക് എടുക്കുവാനുള്ള ശ്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. |
| (സി) സർക്കാർ ഉടമസ്ഥതയിൽ കൂടുതൽ ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എവിടെ യെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) ദീർഘകാല അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 152 ബ്ലോക്കുകളിലും സർക്കാർ ഉടമസ്ഥതയിൽ സംഭരണശാലകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. |

*സെക്ഷൻ ഓഫീസർ*